"ഭരണഭാഷ-മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

ആയുഷ് വകുപ്പ് - മാലിന്യമുക്തം നവകേരളം - സംസ്ഥാന തലം മുതൽ പ്രദേശിക തലം വരെയുള്ള ഓഫീസുകൾ/മിഷനുകൾ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളും മാലിന്യമുക്തമാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ - ആയുഷ് വകുപ്പിനു കീഴിലെ വകുപ്പുകളിലേയും സ്ഥാപനങ്ങളിലേയും പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസർമാരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ആയുഷ് (സി) വകുപ്പ്

സ.ഉ.(സാധാ) നം.339/2024/AYUSH തീയതി, തിരുവനന്തപുരം, 10-09-2024

---

പരാമർശം:- സ.ഉ.(സാധാ)നം.966/2023/തസ്വഭവ തീയതി 03.05.2023.

### ഉത്തരവ്

മാലിന്യമുക്തം നവകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായി മാലിന്യ സംസ്ക്കരണം നടപ്പിലാക്കുന്നതിനും, മാലിന്യത്തിന്റെ തോത് കുറച്ചു കൊണ്ട് മാതൃകകൾ സൃഷ്ടിക്കുന്നതിനുമായി പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശത്തിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിനു കീഴിലുള്ള വകുപ്പുകളിലേയും സ്ഥാപനങ്ങളിലേയും സംസ്ഥാന തലം മുതൽ പ്രദേശിക തലം വരെയുള്ള എല്ലാ സ്ഥാപനങ്ങളും മാലിന്യ മുക്തമാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസർമാരെ ചുവടെ പ്രതിപാദിക്കും പ്രകാരം നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| വകുപ്പ് / സ്ഥാപനം | നോഡൽ ഓഫീസർ |
|---|---|
| നാഷണൽ ആയുഷ് മിഷൻ | സ്റ്റേറ്റ് മിഷൻ ഡയറക്ടർ |
| ഭാരതീയ ചികിത്സാ വകുപ്പ് | ഡയറക്ടർ |
| ഹോമിയോപ്പതി വകുപ്പ് | ഡയറക്ടർ |
| ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | ഡയറക്ടർ |
| ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | ഡയറക്ടർ |
| ഔഷധി | മാനേജിംഗ് ഡയറക്ടർ |
| ഹോംകോ | മാനേജിംഗ് ഡയറക്ടർ |
| സംസ്ഥാന ഔഷധസസ്യ ബോർഡ് | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ |
| കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി | എക്സിക്യൂട്ടീവ് ഡയറക്ടർ |

(2) മാലിന്യമുക്തം നവകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി വകുപ്പ്/സ്ഥാപനങ്ങൾക്ക് കീഴിലെ എല്ലാ കാര്യാലയങ്ങളിലേയും മാലിന്യ നിർമ്മാജ്ജനം, പരിസരം വൃത്തിയാക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ, തിരുവനന്തപുരം.
2. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
3. ഡയറക്ടർ(i/c), ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം.
4. ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ (i/c), ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
6. മാനേജിംഗ് ഡയറക്ടർ, ഔഷധി, കുട്ടനെല്ലൂർ, തൃശ്ശൂർ.
7. മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ.
8. ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്, തിരുവമ്പാടി, തൃശ്ശൂർ.
9. എക്സിക്യുട്ടീവ് ഡയറക്ടർ, കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി, കോട്ടയ്ക്കൽ, മലപ്പുറം.
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
11. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്.
12. വിവര-പൊതുജന സമ്പർക്ക (വെബ് & മീഡിയ) വകുപ്പ്. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
13. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (AYU-C1/326/2022-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 11-09-2024 10:59:01

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. ബഹു.ആരോഗ്യവും, വനിത-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.